# Desabhimani
# 28 August 2018
# Pathanamthitta ; Relief Camps



ചെങ്ങന്നൂർ വല്ലന ടികെഎംഎംആർ സ്കൂളിലെ ദുരിതാശ്വാസ ക്യാമ്പിലെത്തിയ റിമാ കല്ലിങ്കൽ, രമ്യാ നമ്പീശൻ, പാർവതി എന്നിവരുടെ ചിത്രം മൊബൈലിൽ പകർത്തുന്ന കുട്ടികൾ

## ക്യാമ്പിലെത്തി നായികമാർ

**പത്തനംതിട്ട/പന്തളം**

പന്തളത്ത് സിപിഐ എം നേതൃത്വത്തിൽ ആരംഭിച്ച ദുരിതാശ്വാസ ക്യാമ്പിൽ മെഡിക്കൽ ക്യാമ്പ് സന്ദർശിക്കാൻ മഞ്ജുവാര്യരും എത്തി. ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവർക്ക് ആശ്വാസം പകർന്ന് വീണാ ജോർജ് എംഎൽഎയ്ക്കൊപ്പം താരങ്ങളുടെ സന്ദർശനവും.

മുട്ടാർ പാലത്തടത്തിൽ തിങ്കളാഴ്ച രാവിലെ സിപിഐ എമ്മിനൊപ്പം, മഞ്ജുവാര്യർ ചാരിറ്റബിൾ ഫൗണ്ടേഷന്റെയും മുംബൈ ഉപാസിനി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയുടെയും സംയുക്താഭിമുഖ്യത്തിൽ മെഡിക്കൽ സംഘം ക്യാമ്പിലെ ദുരിതബാധിതരെ പരിശോധിച്ചു.

25 ൽ അധികം വളണ്ടിയർമാർ ഇരുസംഘത്തിലും പ്രളയബാധിതരെ ശുശ്രൂഷിച്ചു. ഇവരോടൊപ്പം അടൂർ മദർ തെരേസ പാലിയേറ്റീവ്, പന്തളത്തെ ഇ കെ നായനാർ ചാരിറ്റബിൾ ഫൗണ്ടേഷൻ പ്രവർത്തകരും ചേർന്നു. ഉച്ചയ്ക്ക് ശേഷം ചേരിക്കൽ എസ്‌വി എൽപിഎസിലെ ക്യാമ്പിൽ മെഡിക്കൽ സംഘത്തോടൊപ്പം മഞ്ജുവാര്യർ എത്തിയത് ആവേശമായി.

റിമാ കല്ലിങ്കൽ, രമ്യാ നമ്പീശൻ, പാർവതി, ദർശന രവീന്ദ്രൻ, റോഷൻ മാത്യു, സിദ്ധാർഥ് ശിവ തുടങ്ങിയവരാണ് വല്ലന ടികെഎംഎംആർ സ്കൂളിലെ ദുരിതാശ്വാസ ക്യാമ്പിൽ വീണാജോർജ് എംഎൽഎയ്ക്കൊപ്പം എത്തിയത്. തിങ്കളാഴ്ച രാവിലെ കലക്ടറേറ്റിൽ എത്തിയ താരങ്ങൾ കലക്ടർ പിബി നൂഹുമായും സംസ്ഥാന ബാലാവകാശ കമീഷൻ ചെയർപേഴ്സൺ സി ജെ ആന്റണിയുമായും കൂടിക്കാഴ്ച നടത്തി.

ബാലാവകാശ കമീഷന്റെയും ജില്ലാ ശിശുസംരക്ഷണ യൂണിറ്റിന്റെയും ദിശ എന്ന സന്നദ്ധ സംഘടനയുടെയും ആഭിമുഖ്യത്തിലാണ് ക്യാമ്പുകളിൽ കഴിയുന്നവർക്ക് സാന്ത്വനമേകാൻ സിനിമാ താരങ്ങൾ എത്തിയത്. കലയിലൂടെ സ്നേഹവും പ്രതീക്ഷയും നൽകി ദുരിതബാധിതരെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരാൻ തങ്ങളാൽ ആവുന്നത് ചെയ്യുമെന്ന് താരങ്ങൾ പറഞ്ഞു.

നാടൻ പാട്ടുകൾ പാടി താരങ്ങൾ ചുവടുവച്ചതോടെ ക്യാമ്പിലുണ്ടായിരുന്ന കുട്ടികളും മുതിർന്നവരും അവരുടെ ദുഃഖങ്ങൾ മറന്ന് താരങ്ങൾക്കൊപ്പം ചേർന്നു. കോഴഞ്ചേരി എംജിഎം ഓഡിറ്റോറിയം, തിരുവല്ല ഗവ. ഗേൾസ് ഹൈസ്കൂൾ എന്നീ ക്യാമ്പുകളിൽ താരങ്ങൾ സന്ദർശനം നടത്തി.